സ്ഥാപിക്കേണ്ടതാണ്. മലിനജലവുമായി ബന്ധപ്പെട്ട കണക്ഷനുകൾക്ക് പുറമെ കുടിവെള്ള പൈപ്പുകൾ, വാഷിംഗ് മെഷീനിന്റെ പുറത്തേയ്ക്കുള്ള കുഴലുകൾ, സിങ്കുകൾ, താഴേയ്ക്കുള്ള ഓവു ചാലുകൾ, സംപ് പമ്പുകൾ എന്നിവയിൽ ഇത് സ്ഥാപിക്കുക. വാർത്താ വിനിമയ സംവിധാനങ്ങളുടെ കേടുപാടുകൾ ഒഴിവാക്കുന്നതിന് ടെലിഫോൺ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയവയുടെ വയറിംഗ് അനുയോജ്യമായ ഇൻസുലേഷനോടുകൂടി സ്ഥാപിക്കുക.

### 7) മേൽക്കൂരകൾ

പ്രളയമുണ്ടാകുമ്പോൾ ആളുകൾക്കും ജംഗമ വസ്തുക്കൾക്കും താൽക്കാലികമായ അഭയം കൊടുക്കുന്നതിനുവേണ്ടി ഒറ്റനില കെട്ടിടങ്ങളുടെയും ഇരുനില കെട്ടിടങ്ങളുടെയും മേൽക്കൂരയുടെ ഉയരം പരമാവധി പ്രളയജലനിരപ്പിന് മുകളിലായിരിക്കണം. വീടുകൾക്ക് പരന്നതും എളുപ്പത്തിൽ എത്തിച്ചേരാൻ സൗകര്യമുള്ളതും പാരപ്പെറ്റുകളും കൈവരികളുമുള്ളതുമായ മേൽക്കൂരകളാണ് നല്ലത്. ദുരന്തമുണ്ടാകുമ്പോൾ കുടുംബത്തിന് ഒരു താൽക്കാലിക പാർപ്പിടമായി ഉപയോഗിക്കാൻ കഴിയുന്നവയായിരിക്കണം ഇത്. സ്ഥിരമായ ഒരു ഗോവണി നിർമ്മിക്കുകയോ വെള്ളപ്പൊക്കമുണ്ടാകുന്ന പക്ഷം താമസക്കാർക്ക് മേൽക്കൂരയിലേയ്ക്ക് കയറുവാൻ ഉപയോഗിക്കത്തക്കവിധത്തിൽ ഏണി സൂക്ഷിക്കുകയോ ചെയ്യുക. സുരക്ഷയ്ക്കായി മേൽക്കൂരയിലെ ഏറ്റവും ഉയർന്ന ഭാഗത്ത് മിന്നൽ രക്ഷാദണ്ഡുകൾ/ചാലകങ്ങൾ സ്ഥാപിക്കുക. പ്രളയകാലത്ത് വൈദ്യുതി സംവിധാനങ്ങൾ തകരാറിലാകുമ്പോൾ പവർ സപ്ലൈ ഉറപ്പുവരുത്തുന്നതിന് ഇൻവെർട്ടറുകളോടുകൂടിയ സൗരോർജ്ജ പാനൽ ഉണ്ടെങ്കിൽ അത്യാവശ്യം ലൈറ്റുകൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.










**Kerala State Disaster Management Authority**
Observatory Hills, Vikas Bhavan P.O.,
Thiruvananthapuram-695033
Tel 0471-2331345, 2331645 Fax-0471-2364424
Website: www. sdma.kerala.gov.in
Email: keralasdma@gmail.com

Rebuild Kerala

Empowered lives. Resilient nations.

# പ്രളയ സാധ്യതയുള്ള പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനുമുമ്പ് വീട്ടുടമകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ





Rebuild Kerala

Empowered lives. Resilient nations.

## നിർമ്മാണ സ്ഥലം തെരഞ്ഞെടുക്കൽ

**താഴെ പറയുന്ന വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം സ്ഥലം തെരഞ്ഞെടുക്കേണ്ടത്.**

1. ഭൂവിനിയോഗ നിയമമനുസരിച്ച് നിർമ്മാണത്തിന് അനുവദനീയമായ സ്ഥലമാണോ എന്ന് പരിശോധിക്കുക.
2. അപകട സാദ്ധ്യതയുള്ള സ്ഥലവുമായുള്ള സാമീപ്യം.
3. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത.
4. പരിസ്ഥിതി സൗഹാർദ്ദപരമല്ലാത്ത സ്ഥലമാണോ എന്ന് പരിശോധിക്കുക. (ഉദാ: വെള്ളത്തിന്റെ സ്വാഭാവികമായ ഒഴുക്കിനെ തടയുന്നതും വെള്ളം ഭൂമിയിലേയ്ക്ക് ഇറങ്ങാനുള്ള മാർഗ്ഗങ്ങളെ തടസ്സപ്പെടുത്തുന്നതുമായവ)
5. എത്തിച്ചേരാനുള്ള സൗകര്യം/ നിർമ്മാണ സാമഗ്രികൾ എത്തിക്കാനുള്ള സൗകര്യം.

പ്രളയം മൂലം ആളുകളെ മാറ്റി പ്പാർപ്പിക്കേണ്ട സാഹചര്യങ്ങളിൽ സ്ഥലം തെരഞ്ഞെടുക്കുന്നതിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

- ഉപജീവനമാർഗ്ഗ സാദ്ധ്യതകൾ
- വിദ്യാഭ്യാസ സൗകര്യങ്ങൾ
- പ്രാദേശികമായ തൊഴിൽ
- പ്രാദേശികമായ തൊഴിൽ സാദ്ധ്യതകൾ

സ്ഥലം വാങ്ങുമ്പോൾ / മറ്റ് രീതിയിൽ ഏറ്റെടുക്കുമ്പോൾ ആ സ്ഥലം കേരള നെൽവയൽ തണ്ണീർത്തട ചട്ടങ്ങൾ, പരിസ്ഥിതി നിയമത്തിനു കീഴിലുള്ള CRZ റെഗുലേഷനുകളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ, കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിയമപരമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ളതാണോ എന്നതും പരിശോധിക്കുക.

## കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ എങ്ങനെ പ്രളയ ദുരന്തത്തിൽ നിന്ന് രക്ഷിക്കാം

### 1. അടിസ്ഥാനം / അസ്തിവാരം

- ജലത്തെ പ്രതിരോധിക്കുന്നതും ജലം ഒഴുകിപ്പോകാനും ഉണങ്ങാനും കഴിവുള്ള ഈട് നിൽക്കുന്ന കെട്ടിട നിർമ്മാണ വസ്തുക്കൾ ഉപയോഗിക്കുക.
- അസ്തിവാരത്തിന്റെ കോൺക്രീറ്റ് കെട്ടിനേക്കാൾ മുപ്പത് സെന്റീമീറ്റർ അധികം വീതി കൂടി നൽകി വീട് അസ്തിവാരത്തിൽ ഉറച്ചു നിൽക്കുന്നതിനായി ബലപ്പെടുത്തുക.
- അടിത്തറയും അടിത്തറയുടെ ഫില്ലിംഗും ചെലവേറിയതായതിനാൽ 150 സെ.മീ. കൂടുതൽ പ്രളയ ജലനിരപ്പുള്ള പ്രദേശങ്ങളിൽ പൊയ്ക്കാൽ അടിസ്ഥാനങ്ങൾ നിർമ്മിക്കുക.

### 2) അടിത്തറ

ചുമരിന്റെ അടിഭാഗം കുതിർന്നും മഴ വെള്ളം തെറിച്ചുവീണും ദുർബലമാകുന്നത് തടയുന്നതിന് തറനിരപ്പിൽ നിന്ന് 45 മി.മീ. ഉയരത്തിലായിരിക്കണം അടിത്തറ നിർമ്മിക്കേണ്ടത്. അടിത്തറയുടെ ഉയരം ആ പ്രദേശത്തെ അറിയപ്പെടുന്ന വാർഷിക പ്രളയനിരപ്പിന് മുകളിലായിരിക്കേണ്ടതാണ്.






സാധാരണ പ്രളയ ജലനിരപ്പിന്റെ മുകളിലായിരിക്കണം അടിത്തറ നിരപ്പ്

വെള്ളം കയറാൻ സാദ്ധ്യതയുള്ള വീട്ടിലെ സ്ഥലങ്ങൾ, വീടിന്റെ അടിത്തറ എന്നിവിടങ്ങളിൽ പെട്ടെന്ന് ഇളകിപ്പോകാത്ത നിർമ്മാണ വസ്തുക്കളായ റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ്, പ്ലെയിൻ കോൺക്രീറ്റ്, കരിങ്കൽ കെട്ട് എന്നിവ ഉപയോഗിക്കുക.




### 3) തറകൾ

തറ നിർമ്മിക്കുമ്പോൾ അടിസ്ഥാനം യഥാവിധി മണ്ണിട്ട് ഉറപ്പിക്കേണ്ടതും തറയിൽ 100 മി.മീ. കനത്തിൽ പ്ലെയിൻ സിമെന്റ് കോൺക്രീറ്റിട്ട് ബലപ്പെടുത്തേണ്ടതുമാണ്. വെള്ളം കയറി തറ ഇടിഞ്ഞു താഴുന്നതും അതിന്റെ ഫലമായി ഉണ്ടാകുന്ന വിള്ളലുകൾ കുറയ്ക്കുവാനും ഇത് സഹായിക്കുന്നു. തറയുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്ന വസ്തുക്കൾ ശരിയായ അനുപാതത്തിൽ ഉപയോഗിക്കുന്നുണ്ടെന്നും നിർമ്മാണ വൈദഗ്ധ്യവും ഉറപ്പുവരുത്തുക. ഇതിനു പുറമെ പ്രളയജലവുമായി സമ്പർക്കമുണ്ടായാലും വലിയ രീതിയിൽ കേടുപാടുകൾ സംഭവിക്കാനിടയില്ലാത്ത സിമെന്റിൽ നിർമ്മിച്ച തറയോടുകൾ, കല്ല് എന്നിവ തറയുടെ നിർമ്മാണത്തിന് ഉപയോഗിക്കുക. കുടിവെള്ളം, മലിനജല നിർഗ്ഗമനം തുടങ്ങിയ സേവനങ്ങൾക്കായി ദ്രവിക്കാത്ത കുഴലുകൾ ഉപയോഗിക്കുക.

### 4) മേലെടുപ്പ് ചുമരുകൾ

7 മീറ്ററിൽ കൂടുതൽ നീളമുള്ള ഭിത്തി ക്രോസ് ഭിത്തികൾ നിർമ്മിച്ച് ബലപ്പെടുത്തുക. പുറം ചുമർ നിർമ്മിച്ച ശേഷം കെട്ടുന്ന ഉൾച്ചുമർ ഇടിയാൻ സാധ്യതയുള്ളതിനാൽ മറ്റു ചുമരികൾക്കൊപ്പം തന്നെ ഉൾച്ചുമരുകൾ നിർമ്മിക്കുക. വെള്ളം കയറുന്നത് പ്രതിരോധിക്കുന്നതിനായി ഇഷ്ടികക്കെട്ടുകളിലെ സന്ധികൾ നന്നായി ചാന്ത് നിറച്ച് വിടവുകൾ ഇല്ല എന്നുറപ്പുവരുത്തുക.



ചാന്ത് ചേർത്തുറപ്പിച്ച വിടവുകൾ വെള്ളം കടക്കാതെ സുരക്ഷിതമായി നിർമ്മിക്കുക.

സുഷിരങ്ങൾ ഉള്ള കട്ടകൾ (കൈകൾ കൊണ്ടു നിർമ്മിക്കുന്നവ) പ്രളയ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ കഴിയുന്നതും ഉപയോഗിക്കാതിരിക്കേണ്ടതാണ്.

ചെലവേറിയതാണെങ്കിലും ഇക്കാലത്ത് ലഭ്യമായിട്ടുള്ള എഞ്ചിനീയേർഡ് ഇഷ്ടികകളുടെ (എ ക്ലാസ്സിലോ, ബി ക്ലാസ്സിലോ ഉള്ളത്) ഉപയോഗിച്ച് പ്രളയനിരപ്പുവരെ വെള്ളം കടക്കാതിരിക്കുവാൻ ഒരു അധികനിര കൂടി നൽകി സംരക്ഷിക്കുക.

പ്രളയസാദ്ധ്യതയുള്ള പ്രദേശങ്ങളിൽ റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ് ചുമരുകളാണ് ഉചിതം.




### 5) വാതിലുകളും ജനാലകളും

വാതിലുകൾ ജനാലകൾ എന്നിവയ്ക്കായുള്ള എല്ലാ തുറസ്സുകൾക്കും ഒരേ വലിപ്പവും ഒരേ ലിന്റൽ ലെവലും നിലനിർത്തേണ്ടതാണ്. പ്രളയ സാധ്യതയുള്ള പ്രദേശങ്ങളിൽ ജനലുകൾക്കും വാതിലുകൾക്കുമായുള്ള ധാരാളം തുറസ്സുകൾ ഒഴിവാക്കുക. ചെറിയ മുറികളിൽ ഓരോ ചുമരിലും ഒന്നിൽ കൂടുതൽ തുറസ്സുകൾ പാടില്ല. വെള്ളം കയറുമ്പോൾ തടി നിർമ്മിതമായ വാതിലുകൾ തുറക്കാനും അടയ്ക്കാനും ബുദ്ധിമുട്ടാകുന്നു. വെള്ളം കയറുന്ന പ്രദേശങ്ങളിൽ തടി വാതിലുകൾക്കു പകരം പി.വി.സി. (പോളി വിനൈൽ ക്ലോറൈഡ്) വാതിലുകൾ ഉപയോഗിക്കുക.



പി.വി.സി. ഫ്രെയിമുള്ള വാതിൽ



തടിവാതിലുകൾ കട്ടിളയിൽ നന്നായി ഉറപ്പിക്കുക

അത്തരം വാതിലുകൾ ഉപയോഗിക്കുമ്പോൾ വാതിലിനും കട്ടിളയ്ക്കുമിടയിൽ വിടവുകൾ ഇല്ല എന്നുറപ്പ് വരുത്തുക. പ്രളയസമയത്ത് അകത്തുള്ള വാതിലുകളിൽ എളുപ്പത്തിൽ ഇളക്കി മാറ്റി സൂക്ഷിക്കാവുന്ന തരത്തിലുള്ള വിജാഗരികൾ ഉപയോഗിക്കുക.

### 6) വൈദ്യുത പ്ലംബിംഗ് സംവിധാനങ്ങൾ

വേഗത്തിൽ വൃത്തിയാക്കാവുന്നതും വെള്ളം അധികം ബാധിക്കാത്തതും ഈട് നിൽക്കുന്നതുമായ വൈദ്യുത പ്ലംബിംഗ് സംവിധാനങ്ങളായിരിക്കണം ഉപയോഗിക്കേണ്ടത്. പ്രളയ ജലനിരപ്പിനു മുകളിൽ പ്ലഗ് പോയിന്റുകൾ, സ്വിച്ചുകൾ തുടങ്ങിയ വൈദ്യുതി സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കുക. വൈദ്യുതി സംവിധാനങ്ങളുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള ദ്വാരങ്ങൾ ശരിയായ വിധത്തിൽ അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. എപ്പോഴും വീട്ടിലെ ഏറ്റവും താഴ്ന്ന വൈദ്യുത ഔട്ട്ലെറ്റ്/സ്വിച്ചിന്റെ സ്ഥാനം കാണത്തക്ക വിധത്തിൽ പ്രാധാന്യത്തോടെ അടയാളപ്പെടുത്തുക. വൈദ്യുതി സംവിധാനങ്ങൾക്കുള്ള കേടുപാടുകൾ കുറയ്ക്കുന്നതിനും വേഗത്തിൽ അവ ഉപയോഗയോഗ്യമാക്കുന്നതിനും വെള്ളം, വൈദ്യുതി എന്നിവയുടെ മീറ്ററുകൾ, സ്വിച്ച് ബോർഡുകൾ എന്നിവ പ്രവചിക്കപ്പെട്ട പ്രളയനിരപ്പിന് മുകളിൽ സ്ഥാപിക്കുക. ഡ്രെയിനേജ് സംവിധാനത്തിൽ മലിനജലത്തിന്റെ തിരിച്ചൊഴുക്ക് തടയുന്നതിന് നോൺ–റിട്ടേൺ വാൽവുകൾ ഉപയോഗിക്കുക. കെട്ടിടത്തിനു പുറത്തേയ്ക്ക് പോകുന്നതോ പ്രളയ സംരക്ഷണ നിരപ്പിന് താഴെയുള്ള ഉപകരണങ്ങളുമായി ബന്ധപ്പെട്ട സംവിധാനങ്ങളിലോ ഇത്